ശ്രീ. കെ. ടി. ജോർജ്ജ് : മലപ്പുറം ജില്ലയുടെ കാര്യത്തിൽ ഏതെങ്കിലും പ്രത്യേക സാഹചര്യമുണ്ടായാൽ അതു പുനപ്പരിശോധന ചെയ്യുന്നതാണെന്നു് മന്ത്രി സഭയിൽപ്പെട്ടവർതന്നെ പറയുകയുണ്ടായി. അങ്ങനെ ഏതെങ്കിലും പ്രത്യേക സാഹചര്യമുണ്ടായിട്ടുണ്ടോ ? പുനപ്പരിശോധിക്കുന്ന പ്രശ്നം ഇപ്പോഴും നിലവിലുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : മന്ത്രിസഭയിലുള്ളവർ ആരെങ്കിലും അങ്ങനെയൊരഭിപ്രായം പറഞ്ഞിട്ടുണ്ടെങ്കിൽ അതു വ്യക്തിപരമായ അഭിപ്രായമായിരിക്കും. ഗവണ്മെൻറിന്റെ അഭിപ്രായം അതല്ല. ഗവണ്മെൻറിന്റെ അഭിപ്രായത്തിൽ ഇതു പുനപ്പരിശോധന ചെയ്യണമെന്നില്ല എന്നാണു്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) : മലനാടു ജില്ല കൂടാതെ മറ്റു രണ്ടു ജില്ലകൂടി രൂപീകരിക്കണമെന്ന പത്രത്തിൽ കാണുകയുണ്ടായി. അങ്ങനെ വല്ല ആലോചനയുമുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ഈ നിയമസഭ വന്നതിനുശേഷം രണ്ടു ജില്ലകൂടി രൂപീകരിക്കണമെന്നുള്ള തീരുമാനമാണു് എടുത്തിട്ടുള്ളതു്. അതിൽ ഒരെണ്ണം ഉണ്ടായി കഴിഞ്ഞു. മറ്റേതു് രൂപീകരിക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിച്ചു കഴിഞ്ഞു. സ്പെഷ്യൽ ഓഫീസർ റിപ്പോർട്ടു സമർപ്പിച്ചുകഴിഞ്ഞു.

ശ്രീ. എം. എം. തോമസ് : സർ, ഞാൻ നേരത്തെ എഴുന്നേറ്റു നിന്നതാണു്. എനിക്കു ചോദിക്കുവാൻ ഇതുവരെ സമയം കിട്ടിയില്ല. മലനാടു ജില്ല രൂപീകരിക്കുവാൻ എന്താണു് കാലതാമസം. വളരെയധികം ജനങ്ങളും അതിൽ തല്പരരായിട്ടുണ്ടെന്നുള്ള കാര്യം പരിഗണിച്ചു് . . . .

മി. സ്പീക്കർ : അതിനു ഈ ചോദ്യമൊക്കെ ചോദിക്കുന്നതു എന്തിനാണു് അതു ഉടനെ തരാമെന്നു പറഞ്ഞല്ലോ ?

Pay Revision

*175. [630] **Shri K. Moideenkutty Haji** : Will the Chief Minister be pleased to state :

(a) whether the Government Orders relating to the recent pay revision have been implemented ;

(b) if not, what is the reason for the delay ;

(c) is it due to the objection raised by the Accountant General ;

(d) if so, will Government take urgent steps to clear the objections ?

Revenue Minister (**Smt. K. R. Gouri**): (a, b, c & d): On 24—6—1969 the Accountant General advised the Treasury Officers to await insrtuctions from him in regard to the encashment of the bills claiming pay at the revised rates. But subsequently on 19—7—'69 he has issued detailed instructions regarding the manner in which the claims are to be preferred and the statements and certificates to be attached to the bills for audit purposes. Thus the pay revision orders have been generally accepted in audit and are being implemented.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) : അതു മലയാളത്തിൽകൂടി ഒന്നറിഞ്ഞാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി : അതു റിപ്പോർട്ടർ ചെയ്തുകൊള്ളും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : ഇംഗ്ലീഷിൽ ചോദ്യം ചോദിച്ചാൽ അതിനു ഇംഗ്ലീഷിൽ തന്നെ മറുപടി പറഞ്ഞാൽ അതിനെപ്പറ്റി മറ്റുള്ളവർക്കൊന്നും അറിയേണ്ട എന്നാണോ ?

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ പറയാം. 24-6-69-ൽ ട്രഷറി ആഫീസർമാക്ക് അക്കൗണ്ടന്റ് ജനാലിൽനിന്നും വ്യക്തമായിട്ടുള്ള ഇൻസ്ട്രക്ഷൻസ് കിട്ടിയാൽമാത്രം ബിൽ എൻക്യാഷ്മെന്റ് നടത്തിയാൽ മതിയെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടായിരുന്നു. 19-7-69-ൽ ട്രഷറി ആഫീസർമാക്ക് ടീറെയിൽഡ് ആയിട്ടുള്ള ആഡിറ്ററിനെ സഹായിക്കുന്നവിധത്തിൽ ഇന്നതിന്നുംകൂടി ഉണ്ടായിരിക്കണമെന്നു കാണിച്ചുകൊണ്ടുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ പേറിവിഷൻ ഓർഡർ ഇപ്പോൾ ഇംപ്ലിമെന്റു ചെയ്തിട്ടുണ്ട്.

Shri K. Moideenkutty Haji : The hon. Minister has said that the instructions are being implemented. What is the matter on which such instructions are being issued.

ശ്രീമതി കെ. ആർ. ഗൗരി: ആഡിറ്റു ഒബ്ജെക്ഷൻ ഇല്ലെങ്കിൽ ബില്ല് കൊടുത്താൽ ക്യാഷ് ചെയ്യാം കിട്ടും. ആഡിറ്റു ഒബ്ജെക്ഷൻ ഉണ്ടെങ്കിൽ കിട്ടുകയില്ല. ഇപ്പോഴും കുഴപ്പമൊന്നുമില്ല.

മുൻസിഫുമാരുടെ നിയമനം

* 176. [631] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിഫുമാരായി പി. എസ്. സി. സെലക്റ്റുചെയ്ത മുഴുവൻ ആളുകളേയും ഇതിനകം നിയമിച്ചുകഴിഞ്ഞോ ; ഇല്ലെങ്കിൽ കാരണമെന്തു ;

(ബി) മുൻസിഫ് നിയമനത്തിനു സെലക്റ്റു ചെയ്യപ്പെട്ട ശ്രീ. സുധാകരന്റെ പേരിലുണ്ടായ അന്വേഷണം പൂർത്തിയായതിനുശേഷവും അദ്ദേഹത്തെ നിയമിക്കാതിരിക്കാൻ കാരണം എന്തു ;

(സി) ഉടനടി നിയമനം നടത്താൻ ഉത്തരവു പുറപ്പെടുവിക്കുമോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ) :

(എ, ബി) പി. എസ്. സി. സെലക്ടുചെയ്ത 21 പേരിൽ 20 പേരെ നിയമിച്ചുകഴിഞ്ഞു. ശ്രീ. സുധാകരനു മുൻസിഫ് പോസ്റ്റിനു അർഹതയുണ്ടോയെന്നുള്ളതിനെപ്പറ്റിയുള്ള അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും അതിനെ സംബന്ധിച്ചുള്ള അവസാന ഉത്തരവു പുറപ്പെടുവിച്ചിട്ടില്ല.

(സി) മേൽപ്പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ വേണ്ട നടപടികളും എടുക്കുന്നതാണു.

ശ്രീ. പി. ഗംഗാധരൻ : ശ്രീ. സുധാകരന്റെ നിയമനം ഇങ്ങനെ നീട്ടിവയ്ക്കുന്നതു ജാതിപരമായ സമ്മർദ്ദം കൊണ്ടാണെന്നു കേൾക്കുന്നതു ശരിയാണോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ജാതിപരമായ സമ്മർദ്ദം കൊണ്ടാണു നിയമനം നീട്ടിവയ്ക്കുന്നതെന്നു പറയുന്നതു ശരിയല്ല. ശ്രീ. സുധാകരനെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച അവസരത്തിൽ, മുൻസിഫായി നിയമനം കിട്ടുന്നതിനു ഇത്രകൊല്ലം അഡ്വക്കേറ്റായിട്ടു ഇരിക്കണമെന്നുണ്ടു. ഈ കേസിൽ അതുണ്ടു കൊല്ലം ഉണ്ടായിരുന്നില്ലെന്നു കണ്ടു. അതുപോലെതന്നെ ഇതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറും ശരിയായിട്ടുള്ളതല്ലെന്നാണു അന്വേഷണത്തിൽനിന്നു മനസ്സിലാക്കാൻ സാധിച്ചതു.

LIBRARY ARCHIVES Kerala Legislative Assembly